2023 DECEMBER 08 FRIDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ബാങ്ക് ജീവനക്കാർക്കു 17 ശതമാനം ശമ്പളവർധന; 2022 നവംബർ ഒന്നു മുതൽ ബാധകം



**ന്യൂഡൽഹി:** ബാങ്ക് ജീവനക്കാർക്ക് 17% ശമ്പളവർധന നൽകാൻ ധാരണയായി. ബാങ്കുകളുടെ കൂട്ടായ്മയായ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും (ഐബിഎ) ജീവനക്കാരുടെ സംയുക്ത കൂട്ടായ്മയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയനും (യുഎഫ്ബിയു) തമ്മിൽ ഇന്നലെ വൈകിട്ടോടെ ഉഭയകകക്ഷി കരാർ ഒപ്പുവച്ചു. പല തവണ നടന്ന ചർച്ചകൾക്കൊടുവിലാണ് നിർണായക തീരുമാനം. 2022 നവംബർ 1 മുതൽ 5 വർഷത്തേക്കാണ് ശമ്പളവർധന ബാധകമാവുക.

കഴിഞ്ഞ തവണത്തെ വർധന 15 ശതമാനമായിരുന്നു.1986 മുതലുള്ള പെൻഷൻകാരുടെ പെൻഷനിലും വർധനയുണ്ടാകുമെന്നാണ് സൂചന.ബാങ്കുകളുടെ പ്രവൃത്തിദിനം ആഴ്ചയിൽ 5 ദിവസമാക്കാനുള്ള ശുപാർശ സർക്കാരിനു മുന്നിൽ ഐബിഎ വച്ചിട്ടുണ്ട്. ഇതിലും വൈകാതെ തീരുമാനമുണ്ടായേക്കും.

യുഎഫ്ബിയു കൺവീനർ സഞ്ജീവ് കെ.ബന്ദ്‌ലിഷിന്റെ നേതൃത്വത്തിലാണ് സംഘടനകൾ ചർച്ചയിൽ പങ്കെടുത്തത്.ഏറെക്കുറേ എല്ലാ ബാങ്കുകളും സാമ്പത്തികമായി മികച്ച പ്രകടനം കാഴ്ച വച്ച വർഷമായതിനാൽ ശമ്പളവർധനയ്ക്ക് കാര്യമായ തടസ്സമുണ്ടായിരുന്നില്ല. ലോക്സഭാ തിരഞ്ഞെടുപ്പ് വരുന്നതിനാൽ കേന്ദ്രസർക്കാരും അനുകൂല നിലപാടാണ് സ്വീകരിച്ചത്. 5 വർഷത്തിലൊരിക്കലാണ് ഉഭയകക്ഷി ചർച്ചയിലൂടെ ശമ്പളവർധന തീരുമാനിക്കുന്നത്.

## ഗാസയിൽ വെടിനിർത്തൽ: അത്യപൂർവ നീക്കവുമായി ഗുട്ടെറസ്



**ന്യൂയോർക്ക്:** യുദ്ധം ശക്തമായി തുടരുന്ന ഗാസയിൽ വെടിനിർത്തൽ സാധ്യമാക്കുന്നതിനായി യുഎൻ സെക്രട്ടറി ജനറൽ ആൻറോണിയോ ഗുട്ടെറസിൻറെ അത്യപൂർവ നീക്കം. വെടിനിർത്തലിനായി അന്താരാഷ്ട്ര ഇടപെടൽ വേണമെന്ന് ആവശ്യപ്പെട്ട് യുഎൻ ചാർട്ടറിൻറെ 99ാം അനുച്ഛേദമാണ് ഗുട്ടെറസ് പ്രയോഗിച്ചത്.യുദ്ധം പോലുള്ള അടിയന്തര സാഹചര്യങ്ങളുണ്ടാകുന്പോൾ സമാധാനം പുനസ്ഥാപിക്കാൻ രക്ഷാസമിതി ഇടപെടണമെന്ന് ചൂണ്ടിക്കാണിക്കുന്നതിമനായി യുഎൻ സെക്രട്ടറി ജനറലിന് അധികാരം നൽകുന്ന അനുച്ഛേദമാണിത്. 15 അംഗങ്ങളുള്ളതാണ് രക്ഷാസമിതി. വിഷയത്തിൽ ഉടൻ തന്നെ ഇടപെടൽ വേണമെന്ന് വ്യക്തമാക്കുന്ന കത്ത് സമിതി അധ്യക്ഷനും ഇക്വഡോർ സ്ഥാനപതിയുമായ ജോസ് ജാവിയർ ഡെല ഗാസ്ക ലോപസിന് ഗുട്ടെറസ് കൈമാറി. യുഎൻ ഭരണഘടനയുടെ തത്വങ്ങളിൽ നിന്നുകൊണ്ട് ഗുട്ടെറസ് നടത്തിയ നീക്കം സെക്രട്ടറി ജനറലിനെ സംബന്ധിച്ച് ഏറ്റവും ശക്തമായതാണെന്ന് അദ്ദേഹത്തിൻറെ വക്താവ് സ്റ്റെഫാനി ദുജാറിക് പറഞ്ഞതായും റിപ്പോർട്ടുകൾ വന്നിരുന്നു. സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് ഉൾപ്പടെയുള്ളവർ ഗുട്ടെറസിൻറെ നീക്കത്തെ അനുകൂലിച്ച് രംഗത്തെത്തിയിരുന്നു.

## ഇന്ത്യ ഉന്നമിട്ട ഒരു ഭീകരൻ കൂടി കൊല്ലപ്പെട്ടു, പിന്നിൽ അജ്ഞാതർ

**ന്യൂഡൽഹി:** ഇന്ത്യയ്ക്കെതിരെ പ്രവർത്തിക്കുന്ന ഭീകരവാദികൾ വിവിധ വിദേശരാജ്യങ്ങളിൽ കൊല്ലപ്പെടുന്നതിലെ അസ്വാഭാവികത ചർച്ചയാകുന്നതിനിടെയാണ്, ഇന്ത്യ നോട്ടമിട്ടിരുന്ന മറ്റൊരു ഭീകരൻ കൂടി പാക്കിസ്ഥാനിൽ കൊല്ലപ്പെട്ടിരിക്കുന്നത്. ലഷ്കറെ തയിബ ഭീകരൻ അദ്നാൻ അഹമ്മദാണ് ഇന്നലെ വെടിയേറ്റു മരിച്ചത്. പാക്കിസ്ഥാനിലെ കറാച്ചിയിൽ വച്ചാണ് ഹാൻസ്‌ലാ അഹമ്മദ് എന്നും അറിയപ്പെടുന്ന അദ്നാൻ അഹമ്മദിനു വെടിയേറ്റത്. ലഷ്കറെ തയിബ സ്ഥാപകനും മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരനുമായ ഹാഫിസ് സയീദിന്റെ ഉറ്റ അനുയായിയാണ് അദ്നാൻ അഹമ്മദ്. വെടിയേറ്റ ഉടനെ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

2015ൽ ജമ്മു കശ്മീരിലെ ഉദ്ദംപൂരിൽ ബിഎസ്!എഫ് ജവാന്മാർക്കു നേരെ നടന്ന ആക്രമണത്തിന്റെ സൂത്രധാരനാണ് അദ്നാൻ. രണ്ട് ജവാന്മാർ കൊല്ലപ്പെടുകയും 13 ജവാന്മാർക്കു അന്നു പരുക്കേൽക്കുകയും ചെയ്തിരുന്നു. 2016ൽ ജമ്മു കശ്മീരിലെ പാംപോർ മേഖലയിൽ സിആർപിഎഫ് സൈനികർക്കു നേരെ ഭീകരാക്രമണം നടത്തിയതിനു പിന്നിലും അദ്!നാൻ ആയിരുന്നു. എട്ട് സിആർപിഎഫ് ജവാന്മാരാണ് അന്ന് വീരമൃത്യു വരിച്ചത്. 22 പേർക്കു പരുക്കേൽക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ 20 മാസത്തിനിടെ പാക്കിസ്ഥാനിൽ മാത്രം ഇരുപതിലധികം കൊടും ഭീകരരാണ് അജ്ഞാതരാൽ കൊല്ലപ്പെട്ടത്. ഇവരെല്ലാം ഇന്ത്യയുടെ മോസ്റ്റ് വാണ്ടഡ് പട്ടികയിൽ ഉൾപ്പെട്ടിരുന്നവരാണ് എന്നതാണ് കൗതുകം.

## സീറോ മലബാർ സഭ അധ്യക്ഷ പദവി: മാർ ജോർജ്ജ് ആലഞ്ചേരി സ്ഥാനം ഒഴിഞ്ഞു

**കൊച്ചി:** സീറോ മലബാർ സഭ അധ്യക്ഷനായിരുന്ന കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചരി സ്ഥാനമൊഴിഞ്ഞു.എറണാകുളം അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റീവ് ആയിരുന്ന മാർ ആൻഡ്രൂസ് താഴത്തിനെയും തൽസ്ഥാനത്ത് നിന്നും നീക്കി. മെൽബൺ രൂപതയുടെ മുൻ മെത്രാൻ മാർ ബോസ്കോ പുത്തൂരാണ് പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ. സീറോ മലബാർ സഭാ അധ്യക്ഷ സ്ഥാനം ഒഴിഞ്ഞുകൊണ്ടുള്ള മാർ ജോർജ്ജ് ആലഞ്ചേരിയുടെ കത്ത് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു.

പുതിയ മേജർ ആർച്ച് ബിഷപ്പ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സീറോ മലബാർ സഭ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കും. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ അന്തരിച്ചതിനെ തുടർന്ന് 2011 മെയ് മാസം ചേർന്ന സിനഡിലാണ് മാർ ജോർജ്ജ് ആലഞ്ചേരി സീറോ മലബാർ സഭാ അധ്യക്ഷനായി നിയമിതനാകുന്നത്.



2012 ഫെബ്രുവരി 18 ന് വത്തിക്കാനിൽ നടന്ന ചടങ്ങിൽ മാർപാപ്പ മാർ ജോർജ്ജ് ആലഞ്ചേരിയെ കർദ്ദിനാൾ ആയി ഉയർത്തി.12 വർഷങ്ങൾക്കു ശേഷമാണ് മാർ ജോർജ്ജ് ആലഞ്ചേരി അധ്യക്ഷ സ്ഥാനത്ത് നിന്നും പടിയിറങ്ങുന്നത്. ജനുവരിയിൽ ചേരുന്ന സിനഡിൽ പുതിയ അധ്യക്ഷനെ തിരഞ്ഞെടുക്കും. പ്രായധിക്യവും ആരോഗ്യ പ്രശ്നങ്ങളും മൂലം തന്നെ സ്ഥാനത്ത് നിന്നും ഒഴിവാക്കണമെന്ന് നേരത്തെ മാർ ജോർജ്ജ് ആലഞ്ചേരി മാർപാപ്പയോട് ആവശ്യപ്പെട്ടിരുന്നുവെന്നാണ് ഔദ്യോഗിക വിശദീകരണം.

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമി വിൽപ്പന വിവാദവുമായി നബന്ധപ്പെട്ട് ഏറെ നാളുകളായി മാർ ജോർജ്ജ് ആലഞ്ചേരിക്കെതിരെ എറണാകുളം-അങ്കമാലി അതിരൂപതയിൽ വലിയ രീതിയിൽ പ്രതിഷേധം നടന്നുവരികയായിരുന്നു.ഇതേ തുടർന്നാണ് മാർ ജോർജ്ജ് ആലഞ്ചേരിയ്ക്കു പകരം എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതല അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് കൈമാറിയത്. ഇതിനു പിന്നാലെ ജനാഭിമുഖ കുർബ്ബാനയ്ക്ക് പകരണം ഏകീകൃത കുർബ്ബാന ചൊല്ലണമെന്ന മാർ ജോർജ്ജ് ആലഞ്ചേരിയുടെ നിലപാടും എറണാകുളം-അങ്കമാലി അതിരൂപത എതിർത്തതോടെ നാളുകളായി രൂക്ഷമായ ഭിന്നതയായിരുന്നു ഉടലെടുത്തിരുന്നത്. ഇതിനു പിന്നാലെയാണ് ഇപ്പോൾ സഭാ അധ്യക്ഷ സ്ഥാനത്ത് നിന്നും മാർ ജോർജ്ജ് ആലഞ്ചേരി പടിയിറങ്ങുന്നത്.





# വികസിത് ഭാരത് സങ്കൽപ്പ് യാത്ര: ബോധവൽക്കരണം നടത്തി

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ വിവിധ ജനക്ഷേമ പദ്ധതികളേയും പരിപാടികളേയും കുറിച്ചു ബോധവൽക്കരണം നടത്തുന്നതിനുള്ള വികസിത് ഭാരത് സങ്കൽപ് യാത്ര എറണാകുളം ജില്ലയിലെ തുറവൂരിലും കാലടിയിലും പര്യടനം നടത്തി. വിവിധ കേന്ദ്ര സർക്കാർ പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണത്തോടൊപ്പം സുരക്ഷാ ഭീമാ പദ്ധതികളുടെ ഭാഗമായി സർക്കാർ നൽകുന്ന ഇൻഷൂറൻസ് പദ്ധതികളെ കുറിച്ചുള്ള പ്രത്യേക പരിപാടിയും നടത്തി. കാനറാ ബാങ്ക് റീജണൽ മാനേജർ ഷിറാജ് ചന്ദ്ര ഉദ്ഘാടനം ചെയ്തു. ജില്ലാ ലീഡ് ബാങ്ക് മാനേജർ പി ഡി മോഹൻ കുമാർ ക്ലാസുകൾക്കു നേതൃത്വം നൽകി. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ബോധവൽക്കരണ പരിപാടികളിൽ പങ്കെടുത്തു. വ്യാഴാഴ്ച മലയാറ്റൂർ നീലേശ്വരം, കാഞ്ഞൂർ എന്നിവിടങ്ങളിൽ യാത്ര പര്യടനം നടത്തും.



# വികസിത ഭാരത സങ്കൽപ്പ് യാത്ര കണ്ണൂർ ജില്ലയിൽ പര്യടനം തുടരുന്നു

ആലക്കോട്: കേന്ദ്ര സർക്കാരിന്റെ ക്ഷേമ , വികസന പദ്ധതികൾ സമൂഹത്തിന്റെ താഴേതലം വരെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന വികസിത ഭാരത് സങ്കല്പ യാത്ര ജില്ലയുടെ മലയോര മേഖലകളിൽ പര്യടനം തുടരുന്നു. ഉദയഗിരി , ആലക്കോട് പഞ്ചായത്തുകളിൽ സംഘടിപ്പിച്ച യാത്രയിൽ വിവിധ ഗുണഭോക്താക്കൾക്ക് പദ്ധതികളിൽ അംഗങ്ങളാകാൻ അവസരമൊരുക്കി.

പ്രധാനമന്ത്രി ഉജ്വല യോജനയിൽ പെടുത്തി രണ്ട് പഞ്ചായത്തുകളിലും അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ പാചക വാതക കണക്ഷൻ നൽകി. കൃഷി വിജ്ഞാൻ കേന്ദ്ര അസി. പ്രഫസർ ജെ . എം റിനിഷ ഉദയഗിരി പഞ്ചായത്തിലെ വികസിത ഭാരത് സങ്കല്പ് യാത്ര ഉദ്ഘാടനം ചെയ്തു. ആലക്കോട്ട് പഞ്ചായത്ത് പ്രസിഡന്റ് ജോജി കണ്ണിക്കാട്ട് യാത്ര ഉദ്ഘാടനം ചെയ്തു. കണ്ണൂർ ലീഡ് ഡിസ്ട്രിക്ട് മാനേജർ ഇ. പ്രശാന്ത് അധ്യക്ഷത വഹിച്ചു. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ വിദഗ്ധർ വിശദീകരിച്ചു.

വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കൾ അനുഭവങ്ങൾ പങ്കുവച്ചു. എഫ്.എ.സി.ടി, ഐ ഒ സി, എച്ച് പി സി എൽ, തപാൽ വകുപ്പ്, റബർ ബോർഡ്, നെഹ്റു യുവ കേന്ദ്ര തുടങ്ങിയവ ലഭ്യമാക്കുന്ന സേവനങ്ങൾ യാത്രയിൽ പരിചയപ്പെടുത്തി. കാർഷികാവശ്യങ്ങൾക്ക് പ്രത്യേകമായി വികസിപ്പിച്ച ഡ്രോൺ രണ്ട് പഞ്ചായത്തുകളിലും കർഷകർക്കായി പ്രദർശിപ്പിച്ചു.

# തൃപ്പൂണിത്തുറയിലേക്ക് കുതിച്ച് മെട്രോ
## ട്രയൽ റൺ വിജയകരം

കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ ടെർമിനൽ സ്റ്റേഷൻ ആയ തൃപ്പൂണിത്തുറ സ്റ്റേഷനിലേക്ക് മെട്രോ പരീക്ഷണ ഓട്ടം ആരംഭിച്ചു. ഡിസംബർ 7ന് രാത്രി 11.30ന് എസ് എൻ ജംഗ്ഷൻ മെട്രോ സ്റ്റേഷനിൽ പരീക്ഷണയോട്ടത്തിന്റെ നടപടികൾ ആരംഭിച്ചു. എട്ടാം തീയതി പുലർച്ചെ 1.30ന് ആദ്യ പരീക്ഷണയോട്ടത്തിന് തുടക്കമായി.

വേഗത കുറച്ച് , ഭാരം കയറ്റാതെയാണ് എസ് എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ മേഖലയിലെ ആദ്യ ഘട്ട പരീക്ഷണ ഓട്ടം നടത്തിയത്. സിഗ്നൽ സംവിധാനങ്ങളിലെ കൃത്യത ഉൾപ്പെടെ ഉറപ്പുവരുത്തുന്നതിനായി ഈ മേഖലയിലെ ആദ്യ ട്രയൽ റൺ സഹായകരമായി. വരും ദിവസങ്ങളിലും ഈ മേഖലയിൽ പരീക്ഷണയോട്ടം തുടരും.

തൃപ്പൂണിത്തുറയിൽ നിന്ന് മറ്റ് മേഖലകളിലേക്ക് ഭാവിയിൽ മെട്രോ ലൈൻ ദീർഘിപ്പിക്കാൻ സാധിക്കുന്ന തരത്തിലാണ് തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനും പ്ലാറ്റ്ഫോമും നിർമ്മിച്ചിരിക്കുന്നതെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രോജെക്ടസ് വിഭാഗം ഡയറക്ടർ ശ്രീ. എം പി രാംനാവാസ് അറിയിച്ചു. മൂന്ന് പ്ലാറ്റ്ഫോമും മൂന്ന് ട്രാക്കുകളുമാണ് തൃപ്പൂണിത്തുറ സ്റ്റേഷനിൽ ഒരുക്കിയിരിക്കുന്നത്.



കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രോജെക്ടസ് വിഭാഗം ഡയറക്ടർ ശ്രീ. എം പി രാംനാവാസ്, ഡയറക്ടർ സിസ്റ്റംസ് ശ്രീ. സഞ്ജയ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. വിനു.സി.കോശി, സിഗ്നലിങ് ആൻഡ് ട്രാക്ഷൻ വിഭാഗം ജനറൽ മാനേജർ ശ്രീ. മണി വെങ്കട് കുമാർ തുടങ്ങിയവർ പരീക്ഷണയോട്ടത്തിന് നേതൃത്വം നൽകി.

എസ്.എൻ ജംഗ്ഷനിൽ നിന്ന് തൃപ്പൂണിത്തുറ സ്റ്റേഷൻ വരെ 1.18 കിലോമീറ്ററിന്റെ നിർമ്മാണമാണ് നിലവിൽ അവസാനഘട്ടത്തിലെത്തിയിരിക്കുന്നത്. സ്റ്റേഷന്റെയും വയഡക്റ്റിന്റെയും നിർമ്മാണം പൂർത്തിയായി. സിഗ്നലിംഗ്,ടെലികോം,ട്രാക്ഷൻ ജോലികളും പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെയും ട്രയൽ റൺ ഉടൻ ആരംഭിക്കും.

ഓപ്പൺ വെബ് ഗിർഡർ സാങ്കേതിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്. എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷൻ മേഖലയിൽ ഉൾപ്പെട്ട 60 മീറ്റർ ദൂരത്തിലാണ്.

ആലുവ മുതൽ തൃപ്പൂണിത്തുറ സ്റ്റേഷൻ വരെ 25 സ്റ്റേഷനുകളുമായി 28.125 കിലോമീറ്റർ ദൈർഘ്യമാണ് കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പിന്നിടുക. 1.35 ലക്ഷം ചതുരശ്ര അടിയിൽ വിസ്തീർണ്ണമുള്ള തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനിൽ 40,000 ചതുരശ്ര അടി ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്.

# കേന്ദ്ര പദ്ധതികൾ ജനങ്ങളിലേക്കെത്തിച്ച് വികസിത് ഭാരത് സങ്കൽപ് യാത്ര കോഴിക്കോട് പ്രയാണം തുടരുന്നു

**കാക്കൂർ:** കേന്ദ്ര വികസന ക്ഷേമ പദ്ധതികൾ വിശദീകരിച്ചും അർഹരായവരെ പദ്ധതികളിൽ ചേർത്തും വികസിത് ഭാരത് സങ്കൽപ് യാത്രയുടെ കോഴിക്കോട്ടെ പര്യടനം തുടരുന്നു.

ലീഡ് ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, എഫ്.എ.സി.ടി., ജൽജീവൻ മിഷൻ, സാമ്പത്തിക സാക്ഷരതാ കൗൺസിൽ, കൃഷി വിഗ്യാൻ കേന്ദ്ര, എച്ച്.പി. ഗ്യാസ് തുടങ്ങിയവയെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ നേരിട്ടെത്തി ജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്യുന്നു എന്നതാണ് ഈ യാത്രയുടെ പ്രത്യേകത.

കാക്കൂർ ഗ്രാമ പഞ്ചായത്തിൽ നടന്ന പൊതു സമ്മേളനം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ഷാജി സി.എം. ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ അബ്ദുൾ ഗഫൂർ, വാർഡ് മെമ്പർ ഷീബ കെ.സി. തുടങ്ങിയവർ സംബന്ധിച്ചു.

സത്യൻ എൻ, പോസ്റ്റൽ വിഭാഗം, മുരളീധരൻ ടി.എം., ലീഡ് ബാങ്ക് മാനേജർ, ഹൈദരലി, പോസ്റ്റൽ വകുപ്പ്, ലാലു, എച്ച്.പി. ഗ്യാസ് ഏജൻസി, മനോജ് പി.എസ്., കൃഷി വിഗ്യാൻ കേന്ദ്ര, നാജിയ, എഫ്.എ.സി.ടി., നവ്യ ബി., കേരള ഗ്രാമീൺ ബാങ്ക് മാനേജർ, കാക്കൂർ നൂർജഹാൻ ഇ , ജൽജീവൻ മിഷൻ, സുരേഷ് എം., സാമ്പത്തിക സാക്ഷരതാ കൗൺസിലർ, സുധ എം.വി, സി.ഡി.എസ്. ചെയർപേഴ്സൺ തുടങ്ങിയവർ സംസാരിച്ചു. കേരള ഗ്രാമീൺ ബാങ്ക് സീനിയർ മാനേജർ രഘുനാഥ് വി., സ്വാഗതവും, കേരള ഗ്രാമീൺ ബാങ്ക് കാക്കൂർ ബ്രാഞ്ച് മാനേജർ ഭവ്യ ബി. നന്ദിയും പറഞ്ഞു.

# പ്രധാനമന്ത്രി സുരക്ഷാ ബീമായോജന പദ്ധതി: പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലെയും അംഗങ്ങളെ ഉൾപ്പെടുത്തി

**വയനാട്:** പ്രധാനമന്ത്രി സുരക്ഷാ ബീമായോജന പദ്ധതിയിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലെയും അംഗങ്ങളെ ഉൾപ്പെടുത്താൻ കഴിഞ്ഞതായി മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ഇ വിനയൻ പറഞ്ഞു. മീനങ്ങാടി പഞ്ചായത്തിൽ പര്യടനം നടത്തിയവികസിത് ഭാരത് സങ്കൽപ് യാത്ര ഉദ്ഘാടനത്തിൽ സംസാരിക്കായിരുന്നു അദ്ദേഹം യാത്ര നാളെ കോട്ടത്തറ പഞ്ചായത്തിൽ പര്യടനം നടത്തും

ഒരു വർഷം 20 രൂപ പ്രീമിയം അടച്ച് 2 ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്ന പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന പദ്ധതിയിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളിലെയും അംഗങ്ങളെയും ചേർത്ത് മീനങ്ങാടി പഞ്ചായത്ത് സംസ്ഥാനത്തിന് തന്നെ മാതൃകയായിരുന്നു. വിട്ടുപോയ മുഴുവൻ അംഗങ്ങളെയും ചേർക്കുവാൻ വികസിത് ഭാരത് സങ്കൽപ് യാത്രകൊണ്ട് സാധിക്കുമെന്നും ഉദ്ഘാടനം ചെയ്തുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ഇ വിനയൻ പറഞ്ഞു. ജില്ലാ ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹനൻ അധ്യക്ഷത വഹിച്ചു . നബാർഡ് എ ജി എം .ബിജീഷ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ബേബി വർഗീസ് .കൃഷി ഓഫീസർ സജിത കാനറാ ബാങ്ക് മാനേജർ സന്തോഷ്

തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ ഒരുക്കിയ പരിപാടിയിൽ പഞ്ചായത്തിലെ മികച്ച ക്ഷീരകർഷകനായ ബിനുവിനെയും മികച്ച ജൈവകർഷകനായ പ്രഭാകരനെയും മികച്ച കുട്ടി കർഷകയായ സാവണിയും ആദരിച്ചു.നിരവധി പേരാണ് കേന്ദ്രസർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളിൽ ചേരുവാനായി എത്തിയത്. സങ്കല്പ യാത്ര വയനാട് ജില്ലയിൽ ആരംഭിച്ച ഒരാഴ്ച പിന്നിട്ടതോടെ മികച്ച പിന്തുണയാണ് യാത്രയ്ക്ക് ജില്ലയിൽ ലഭിക്കുന്നത് .




# മോഹൻലാലിന്റെ മലൈക്കോട്ടൈ വാലിബൻ

കൺകണ്ടത് നിജം കാണാത്തത് പൊയ്,നീ കണ്ടതെല്ലാം പൊയ്,ഇനി കാണപ്പോകത് നിജം ലാലേട്ടന്റെ തീ പാറുന്ന ഡയലോഗിലൂടെ ആവേശം ഇരട്ടിയാക്കി മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ അവതരിക്കുന്ന ലിജോ ജോസ് പെല്ലിശ്ശേരി ചിത്രം മലൈക്കോട്ടൈ വാലിബന്റെ ഗംഭീര ടീസർ റിലീസായി. സൂപ്പർസ്റ്റാർ മോഹൻലാലിന്റെ പീരിയഡ് ഡ്രാമയായ ലൈക്കോട്ടൈ വാലിബൻ ജോൺ ആൻഡ് മേരി ക്രിയേറ്റീവ്, സെഞ്ചുറി ഫിലിംസ്, മാക്സ് ലാബ്, സരിഗമ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. മലൈക്കോട്ടൈ വാലിബന്റെ ക്യാപ്റ്റൻ ലിജോ ഒരു ഗംഭീരമായ കാഴ്ചയാണ് സൃഷ്ടിച്ചിരിക്കുന്നത്, അതിന്റെ ഒരു കാഴ്ച ഈ ടീസറിൽ പ്രേക്ഷകർക്ക് കാണാൻ കഴിയുമെന്നാണ് മോഹൻലാൽ പറഞ്ഞത്.

മോഹൻലാലിനൊപ്പമുള്ള യൂഡ്ലി ഫിലിംസിന്റെ ആദ്യ പ്രൊജക്ട് കൂടിയാണ് മലൈക്കോട്ടൈ വാലിബൻ. നായകൻ, ആമേൻ തുടങ്ങിയ ചിത്രങ്ങളിൽ ലിജോയ്ക്കൊപ്പം പ്രവർത്തിച്ചിട്ടുള്ള പി എസ് റഫീഖ് ആണ് മലൈക്കോട്ടൈ വാലിബന്റെ കഥ ഒരുക്കിയിരിക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം, ഒരു തീം അന്തിമമാക്കുന്ന പ്രക്രിയ അടുത്ത വലിയ ഹിറ്റ് സൃഷ്ടിക്കുന്നതിനുള്ള സമ്മർദ്ദത്തിൽ നിന്നല്ല, അതൊരു സ്വാഭാവിക പുരോഗതിയാണ്.

മലൈക്കോട്ടൈ വാലിബൻ എന്ന അടിസ്ഥാന ആശയം കുറച്ച് വർഷങ്ങൾക്ക് മുമ്പ് എന്നിൽ മുളച്ചുതുടങ്ങി, പിന്നീട് പരിണമിച്ചു. സമഗ്രമായ ഇതിവൃത്തം. റഫീഖിനെപ്പോലെയുള്ള ഒരു എഴുത്തുകാരൻ ആ ലോകം വികസിപ്പിച്ചെടുത്തു, പിന്നെ ലാലേട്ടൻ ആ കഥാപാത്രത്തിന് അനുയോജ്യനാണെന്ന് ഞങ്ങൾക്ക് തോന്നി, ലിജോ ജോസ് പെല്ലിശ്ശേരി പറയുന്നു.മോഹൻലാലിന്റെ ദീർഘകാല പരിചയം എന്ന നിലയിൽ, സിനിമയിലേക്ക് കടക്കാൻ തീരുമാനിച്ചപ്പോൾ, സ്വാഭാവികമായും അദ്ദേഹത്തെ നായക വേഷത്തിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചു. ലിജോയെ പോലൊരു പ്രതിഭാധനനായ സംവിധായകൻ മോഹൻലാലിനൊപ്പം കൈകോർക്കുമ്പോൾ ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു എന്റർടെയ്നർ തീർച്ചയായും പ്രതീക്ഷിക്കാമെന്ന് ഷിബു ബേബി ജോൺ പറഞ്ഞു.

ഛായാഗ്രഹണം മധു നീലകണ്ഠനും സംഗീതം പ്രശാന്ത് പിള്ളയുമാണ്. സൊനാലി കുൽക്കർണി, ഹരീഷ് പേരടി, ഡാനിഷ് സെയ്ത്, മനോജ് മോസസ്, കഥ നന്ദി, മണികണ്ഠൻ ആചാരി എന്നിവരും മറ്റ് ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മലൈക്കോട്ടൈ വാലിബൻ 2024 ജനുവരി 25 ന് തിയേറ്ററുകളിലെത്തും.പി ആർ ഓ പ്രതീഷ് ശേഖർ.



## ക്യാംപസ് ത്രില്ലർ ചിത്രം താൾ

അൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യാ ആൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്ന താൾ ചിത്രത്തിന്റെ ട്രയ്ലർ റിലീസായി. സൗഹൃദവും പ്രണയവും ഒപ്പം നിർണ്ണായകമായ രംഗങ്ങളും സംഭാഷണങ്ങളും കൂടി ചേർന്ന താളിന്റെ ട്രയ്ലർ ചിത്രം പ്രേക്ഷകന് തിയേറ്ററിൽ ഒരു വ്യത്യസ്ത അനുഭവം സമ്മാനിക്കുമെന്നുറപ്പാണ്. വിശ്വ, മിത്രൻ എന്നീ കേന്ദ്ര കഥാപാത്രങ്ങളിൽ കൂടിയുള്ള സങ്കീർണതകൾ നിറഞ്ഞ യാത്രയാണ് ചിത്രത്തിന്റെ പ്രമേയം. മാധ്യമപ്രവർത്തകനും ചിത്രത്തിന്റെ തിരക്കഥാകൃത്തുമായ ഡോ: ജി.കിഷോറിന്റെ കലാലയ ജീവിതത്തിൽ നടന്ന സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. നവാഗതനായ രാജാസാഗർ ആണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്. ഡി ഒ പി സിനു സിദ്ധാർത്ഥിന്റെ മികവാർന്ന ഫ്രെയിമുകളും ബിജിബാലിന്റെ സംഗീതവും താളിനെ കൂടുതൽ മികവാർന്നതാക്കുന്നു. പ്രണയിച്ച പെണ്ണിനെ സ്വന്തമാക്കുന്നവർ മാത്രമാണ് ചരിത്രത്തിലെ ഹീറോസ്, പക്ഷെ പെണ്ണിന്റെ നന്മക്കു വേണ്ടി വഴിമാറി നടന്ന ആണുങ്ങളെ ആരും എവിടെയും രേഖപ്പെടുത്താറില്ല എന്ന രാഹുൽമാധവിന്റെ ട്രെയ്ലറിലെ വോയിസ് ഓവർ ഇതുവരെ കാണാത്ത ഒരു ക്യാംപസ് കഥയിലേക്ക് പ്രേക്ഷകരെ കൂട്ടികൊണ്ടുപോകുമെന്നുറപ്പ് നൽകുന്നു. ഗ്രേറ്റ് അമേരിക്കൻ ഫിലിംസിന്റെ ബാനറിൽ ക്രിസ് തോപ്പിൽ, മോണിക്ക കമ്പാട്ടി, നിഷീൽ കമ്പാട്ടി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. ആൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യ ആൻ എന്നിവരോടൊപ്പം രഞ്ജി പണിക്കർ, രോഹിണി,ദേവി അജിത്ത്, സിദ്ധാർത്ഥ് ശിവ, നോബി, ശ്രീധന്യ, വിവിയ ശാന്ത്, അരുൺകുമാർ, മറീന മൈക്കിൾ,വൽസാ കൃഷ്ണാ,അലീന സിദ്ധാർഥ് എന്നിവരാണ് താളിലെ മറ്റു പ്രധാന കഥാപാത്രങ്ങളിലെത്തുന്നത്. താളിന്റെ ഛായാഗ്രഹണം :സിനു സിദ്ധാർത്ഥ്,സംഗീതം: ബിജിബാൽ, ലിറിക്സ് : ബി കെ ഹരിനാരായണൻ, രാധാകൃഷ്ണൻ കുന്നുംപുറം, സൗണ്ട് ഡിസൈൻ : കരുൺ പ്രസാദ് , വിസ്താ ഗ്രാഫിക്സ് , വസ്ത്രാലങ്കാരം :അരുൺ മനോഹർ, പ്രൊജക്റ്റ് അഡ്വൈസർ : റെജിൻ രവീന്ദ്രൻ,കല: രഞ്ജിത്ത് കോതേരി, പ്രൊഡക്ഷൻ കൺട്രോളർ :കിച്ചു ഹൃദയ് മല്ല്യ , ഡിസൈൻ: മാമി ജോ, ഡിജിറ്റൽ ക്രൂ: ഗോകുൽ, വിഷ്ണു, പി ആർ ഓ: പ്രതീഷ് ശേഖർ.


## ജനനം 1947 പ്രണയം തുടരുന്നു തിയേറ്ററുകളിലേക്ക്

ക്രയോൺസ് പിക്ചേഴ്സിന്റെ ബാനറിൽ അഭിജിത് അശോകൻ നിർമിച്ച് രചനയും സംവിധാനവും നിർവഹിച്ച സിനിമയാണ് ജനനം 1947 പ്രണയം തുടരുന്നു.ജാഗ്രൻ ഫിലിം ഫെസ്റ്റിവൽ 2023 ലെ മികച്ച നടൻ,മികച്ച ഇന്ത്യൻ ഫീച്ചർ ഫിലിം: സീതനവാസൽ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, മികച്ച ഇന്ത്യൻ ഫീച്ചർ ഫിലിം വിഭാഗം: റോഹിപ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2023, അറ്റ്ലാന്റ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ (അകഎഐ 2023) മികച്ച സംവിധായകൻ,ബെസ്റ്റ് സ്ക്രീൻ പ്ലേ,മികച്ച ഫീച്ചർ ഫിലിം എന്നീ പുരസ്കാരങ്ങളും ,മികച്ച സംവിധായകനുള്ള പ്രത്യേക ജൂറി അവാർഡ്, കലാഭവൻ മണി സ്മാരക അവാർഡ്, മികച്ച വനിതാ ഫീച്ചർ ഫിലിം തമിഴകം അന്താരാഷ്ട്ര ചലച്ചിത്രോത്സവം എന്നീ പുരസ്കാരങ്ങൾ ഇതുവരെ ഈ ചിത്രത്തെ തേടിയെത്തി. ചിത്രം 2024 ജനുവരിയിൽ കേരളത്തിലെ തിയേറ്ററുകളിലേക്കെത്തും.




70 വയസുള്ള ശിവൻ ആയി വേഷം ഇട്ടിരിക്കുന്നത് കോഴിക്കോട് ജയരാജ് ആണ്. ഗൗരി ടീച്ചർ ആയി സിനിമയിൽ വേഷം ഇട്ടിരിക്കുന്നത് അഭിനേത്രിയും നർത്തകിയും മുൻ കലാക്ഷേത്ര ഡയറക്ടർ കൂടിയായ പദ്മശ്രീ ലീല സാംസൺ ആണ്. അനു സിതാര, ദീപക് പറമ്പോൾ, ഇർഷാദ് അലി, നന്ദൻ ഉണ്ണി, നോബി മാർക്കോസ്, പോളി വത്സൻ, അംബി നീനാശം, കൃഷ്ണ പ്രഭ, സജാദ് ബറൈറ് തുടങ്ങിയ താരങ്ങൾ ഈ ചിത്രത്തിൽ അഭിനയിക്കുന്നു. ഒപ്പം നാൽപ്പതോളം 60 വയസിനുമുകളിൽ പ്രായമുള്ള പുതുമുഖ താരങ്ങളും അഭിനയിക്കുന്ന ചിത്രമാണിത്. ഡിസി സൗത്ത് ഏഷ്യൻ ഫിലിം ഫെസ്റ്റിവൽ, മെറ്റാ ഫിലിം ഫെസ്റ്റ്,ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓസ്ട്രേലിയ,ജാഗ്രൻ ഫിലിം ഫെസ്റ്റിവൽ 2023,മൈസൂർ ഇന്റർനാഷണൽ ഫിലിം ഉത്സവം,ചെന്നൈ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഇന്ത്യൻ പനോരമ,ന്യൂജേഴ്സി ഇന്ത്യൻ & ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ,ഏഴാമത് അന്താരാഷ്ട്ര ഫോക്ലോർ ഫിലിം ഫെസ്റ്റിവൽ 2024 ഇന്ത്യ,കേരളം ജനുവരി 2024 തുടങ്ങി നിരവധി ഫെസ്റ്റിവലുകളിൽ ജനനം 1947 പ്രണയം തുടരുന്നു എന്ന ചിത്രം ഇതിനോടകം പ്രദർശിപ്പിക്കപ്പെട്ടു. ജനനം 1947 പ്രണയം തുടരുന്നു ചിത്രത്തിന് സംഗീതം നൽകിയിരിക്കുന്നത് ഗോവിന്ദ് വസന്തയാണ്. സന്തോഷ് അണിമയാണ് ഛായാഗ്രാഹകൻ. എഡിറ്റർ: കിരൺ ദാസ്, സൗണ്ട്:സിങ്ക് സിനിമ, ആർട്ട് ഡയറക്ടർ: ദുന്ദു രഞ്ജീവ് , കോസ്റ്റ്യൂംസ്: ആദിത്യ നാണു, മേക്കപ്പ് നേഹ,പി ആർ ഓ : പ്രതീഷ് ശേഖർ.

## ഫൈറ്റ് ക്ലബ്ബ്




സംവിധായകൻ ലോകേഷ് കനകരാജിന്റെ പ്രൊഡക്ഷൻ ഹൗസായ ജി സ്ക്വാഡ് പ്രേക്ഷകരിലേക്കെത്തിക്കുന്ന ആദ്യ ചിത്രം ഫൈറ്റ് ക്ലബ്ബിന്റെ ടീസർ റിലീസായി. ചിത്രത്തിന്റെ ടീസർ ബിജിഎമ്മിൽ കയറി, ഒരു പടി ഇറങ്ങി, പിന്നെയും ഹൈപ്പിലേക്ക് കയറുന്നത് ഒരു രസമാണ്. ലിയോൺ ബ്രിട്ടോയുടെ ഫ്രെയിമുകൾ സിനിമയുടെ മുഴുവൻ ഹൈലൈറ്റ് ആണ്. മികച്ച മേക്കിംഗ് ടീസറിൽ വെളിപ്പെടുന്നു. ഫുൾ ഫൈറ്റ് ആയതിനാൽ യോജിച്ച ടൈറ്റിൽ തന്നെയാണ് ചിത്രത്തിന് നൽകിയിരിക്കുന്നത്.യുവ സാങ്കേതിക വിദഗ്ധർ, അഭിനേതാക്കൾ എന്നിവർ ഉൾപ്പെടുന്ന ഈ പുതിയ സംരംഭം ശ്രദ്ധേയമാണ്. ഉറിയടി എന്ന ചിത്രത്തിലൂടെ പ്രശസ്തനായ വിജയകുമാർ നായക വേഷത്തിൽ ശക്തമായ തിരിച്ചുവരവ് നടത്തുന്ന ചിത്രമാണ് ഫൈറ്റ് ക്ലബ്. അബ്ബാസ് റഹ്മത്താണ് ഈ ചിത്രം സംവിധാനം ചെയ്യുന്നത്. ഗോവിന്ദ് വസന്തയാണ് സംഗീതം നൽകിയിരിക്കുന്നത്. കാർത്തികേയൻ സന്താനം, ശങ്കർ ദാസ്,മോനിഷ തുടങ്ങിയവരും ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. റീൽ ഗുഡ് ഫിലിംസിലൂടെ ആദിത്യയാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. സിനിമാട്ടോഗ്രാഫർ : ലിയോൺ ബ്രിട്ടോ, എഡിറ്റർ കൃപകരൺ, കഥ: ശശി, തിരക്കഥ : വിജയ്കുമാർ , ശശി, അബ്ബാസ് എ റഹ്മത്, ആർട്ട് ഡയറക്ടർ : ഏഴുമലൈ ആദികേശവൻ, സ്റ്റണ്ട് : വിക്കി, അമ്രിൻ അബുബക്കർ, സൗണ്ട് ഡിസൈൻ /എഡിറ്റർ : രംഗനാഥ് രവി, സൗണ്ട് മിക്സിങ് : കണ്ണൻ ഗണപത്, കൊറിയോഗ്രാഫി : സാൻഡി, എക്സികുട്ടീവ് പ്രൊഡ്യൂസർ : ആർ ബാലകുമാർ, ക്രിയേറ്റിവ് പ്രൊഡ്യൂസർ : വിജയ് കുമാർ. ഡിസംബർ 15നു ചിത്രം തിയേറ്ററുകളിലേക്കെത്തും. പി ആർ ഓ : പ്രതീഷ് ശേഖർ.

## എം.ഇ.എസ്. യൂത്ത് വിംഗ്: ഡോ.അൻവർ ഹസൈൻ പ്രസിഡന്റ്, അമീർ അലി സെക്രട്ടറി


ഡോ.അൻവർ ഹസൈൻ


അമീർ അലി

**കൊച്ചി:** എം.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റായി ഡോ.അൻവർ ഹസൈനെയും സെക്രട്ടറിയായി അമീർ അലിയെയും ട്രഷറർ ആയി കെ.എ സിൽജുവിനെയും തിരഞ്ഞെടുത്തു. എം. എം അസ്‌ലം ഇമ്പിച്ചി, ടി.എച്ച് നൗഫൽ (ജോയിന്റ് സെക്രട്ടറിമാർ),സി. എ ഷെഫീഖ്, കെ.മുഹമ്മദ് യാസർ (വൈസ് പ്രസിഡന്റുമാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. 2023 മുതൽ 2026 വരെയാണ് കാലാവധി.

## ഐ.എം.എ ഹെൽത്ത് കെയർ കോൺക്ലേവ് ഡിസംബർ 10 ന്

**കൊച്ചി :** ഐ.എം.എ കൊച്ചിയും ബ്രാന്റ് സ്റ്റോറീസും സംയുക്തമായി സംഘടിപ്പിക്കുന്ന ഹെൽത്ത് കെയർ കോൺക്ലേവ് ലോകമനുഷ്യാവകാശ ദിനമായ ഡിസംബർ 10 ന് (ഞായറാഴ്ച) കലൂർ ഐ.എം.എ ഹൗസിൽ നടക്കും. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന കോൺക്ലേവ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് കെ.കെ സിയാദ് റഹ്മാൻ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ പ്രമുഖ ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, ആശുപത്രി ഉടമകൾ, സിഇഒമാർ, മെഡിക്കൽ വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കും.കേരളത്തിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട വിവിധ വിഷയങ്ങൾ കോൺക്ലേവിൽ ചർച്ച ചെയ്യുമെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം. എം ഹനീഷ്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷർ ഡോ. സച്ചിൻ സുരേഷ് എന്നിവർ അറിയിച്ചു. ആരോഗ്യ രംഗത്ത് ഓരോ വ്യക്തികൾക്കുമുള്ള അവകാശം, പ്രായമായവരുടെ ആരോഗ്യ സുരക്ഷ, ആരോഗ്യ മേഖലയിൽ ടെക്നോളജിയുടെ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പാനൽ ഡിസ്കഷനാണ് ഹെൽത്ത് കെയർ കോൺക്ലേവിലെ പ്രധാന ആകർഷണം. ഐഎംഎ സംസ്ഥാന പ്രസിഡന്റ് ജോസഫ് ബെനവൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന, ഐ.എം.എ ഹൗസ് ചെയർമാൻ ഡോ. വി പി കുരിയൈപ്പ് തുടങ്ങിയവർ ഹെൽത്ത് കെയർ കോൺക്ലേവിൽ മുഖ്യാതിഥികളാകും. ലക്സസ്, ബാങ്ക് ഓഫ് ബറോഡ എന്നിവരുടെ സഹകരണത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

## ടെക്നോ സ്പാർക്ക് ഗോ 2024 പുറത്തിറക്കി




**കൊച്ചി:** ആഗോള സ്മാർട്ട് ഫോൺ ബ്രാൻഡായ ടെക്നോ, 7കെ സ്മാർട്ട് ഫോൺ വിഭാഗത്തിൽ പുതിയ സ്പാർക്ക് ഗോ 2024 പുറത്തിറക്കി. ഈ വിഭാഗത്തിൽ ആദ്യമായി ഡൈനാമിക് പോർട്ടോടു കൂടി 90 എച്ച്സെഡ് ഡോട്ട് ഇൻ ഡിസ്‌പ്ലേ അവതരിപ്പിക്കുന്ന ഫോണാണ് സ്പാർക്ക് ഗോ 2024 എന്ന് കമ്പനി അധികൃതർ അറിയിച്ചു.'ഭാരത് കാ അപ്ന സ്പാർക്ക്'. പ്രീമിയം അനുഭവത്തോടെയുള്ള വശങ്ങളിലെ ഫിംഗർ പ്രിൻറ് സെൻസർ, മികച്ച ശബ്ദാനുഭവം പ്രദാനം ചെയ്യുന്ന ഡിടിഎസ് ഡ്യുവൽ സ്റ്റീരിയോ സ്പീക്കറുകൾ, മികച്ച സ്റ്റോറേജ് സ്പേസ് തുടങ്ങിയവ മറ്റു പ്രധാന സവിശേഷതകളിൽപ്പെടുന്നു. 3 ജിബി റാം, 64 ജിബി റോം എന്നിവയോടു കൂടിയ ഫോൺ ആകർഷകമായ വിലയായ 6699 രൂപയ്ക്ക് റീട്ടെയിൽ സ്റ്റോറുകളിലും ആമസോണിലും ലഭ്യമാകും. ഇപ്പോഴുള്ള 6699 രൂപയുടെ 3 ജിബി + 64 ജിബിക്കു പുറമെ അവതരിപ്പിക്കുന്ന 8 ജിബി + 64 ജിബി, 8ജിബി + 128 ജിബി കോൺഫിഗറേഷനുകളുടെ വില അടുത്ത ദിവസങ്ങളിലായി പുറത്തു വിടും.

# വ്യാപാരി കുടുംബ സുരക്ഷാ പദ്ധതിയുമായി കെ.വി.വി.ഇ.എസ്


കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വ്യാപാരി കുടുംബ സുരക്ഷാ പദ്ധതിയുടെ പ്രഖ്യാപനം ജില്ലാ നേതൃസംഗമത്തിൽ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എം.കെ തോമസ്കുട്ടി നിർവഹിച്ചപ്പോൾ

**കൊച്ചി:** വ്യാപാരികളുടെയും കുടുംബത്തിന്റെയും കരുതലും സുരക്ഷയും ഉറപ്പാക്കുന്നതിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരി കുടുംബ സുരക്ഷാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പള്ളിക്കര വണ്ടർല അമ്യൂസ്മെന്റ് പാർക്കിന് സമീപം നിർദിഷ്ട ജില്ലാ വ്യാപാര ഭവൻ കോംപ്ലക്സിൽ ചേർന്ന ഏകോപന സമിതി എറണാകുളം ജില്ലാ നേതൃസംഗമത്തിൽ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എം.കെ തോമസ്കുട്ടി പദ്ധതിയുടെ പ്രഖ്യാപനം നിർവ്വഹിച്ചു. പ്രതിസന്ധി കാലത്ത് വ്യാപാരികൾക്ക് സഹായവും തുണയുമായി വ്യാപാരികൾ മാത്രമെ ഉണ്ടാകുവെന്നും പ്രളയവും കൊവിഡും ഇക്കാര്യം തെളിയിച്ചുവെന്നും പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് എം.കെ തോമസ്കുട്ടി പറഞ്ഞു. കുടുംബ സുരക്ഷാ പദ്ധതി പോലുള്ള കരുതൽ പദ്ധതികൾ വ്യാപാരികൾക്കും അവരുടെ കുടുംബത്തിനും അനിവാര്യമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ് വ്യക്തമാക്കി. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ: എ.ജെ റിയാസ്, ട്രഷറർ സി.എസ് അജ്മൽ, ഫിനാൻസ് കമ്മിറ്റി ചെയർമാൻ എം.സി പോൾസൺ, ജില്ലാ വൈസ് പ്രസിഡണ്ടുമാരായ ഇ.എം.ജോണി, കെ.എസ്.മാത്യു, ഡിലൈറ്റ് പോൾ, സി.ജി.ബാബു,എൻ.പി.അബ്ദുൽ റസാഖ്, ജിമ്മി ചക്യാത്ത്,ജോസ് വർഗീസ് കെ.ഗോപാലൻ, എം.കെ രാധാകൃഷ്ണൻ, കെ.ടി ജോണി, ഇ.കെ.സേവ്യർ,വനിതാ വിങ് ജില്ലാ പ്രസിഡന്റ് സുബൈദ നാസർ, യൂത്ത് വിംങ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് തുടങ്ങിയവർ സംസാരിച്ചു.

# ട്രാൻസ്പ്ലാന്റ് ഗെയിംസ് :ഒരുക്കങ്ങൾ പൂർത്തിയായി; ജെഴ്സി,മെഡലുകൾ പ്രകാശനം ചെയ്തു



**കൊച്ചി:** ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 9ന് നടക്കുന്ന ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. അഞ്ഞൂറോളം അവയവദാതാക്കളും സ്വീകർത്താക്കളുമാണ് ട്രാൻസ്പ്ലാന്റ് ഗെയിംസിൽ പങ്കെടുക്കുന്നത്. ഗെയിംസിന്റെ ജഴ്സി കൊച്ചി മേയർ അഡ്വ. എം. അനിൽകുമാറും, മെഡലുകൾ ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻപിള്ളയും അനാച്ഛാദനം ചെയ്തു. ദാതാക്കൾക്കും, സ്വീകർത്താക്കൾക്കും പ്രത്യേകമായാണ് മത്സരങ്ങൾ നടക്കുക. വൃക്ക ദാതാക്കളായ 29 പേരും കരൾ ദാതാക്കളായ 47 പേരും, വൃക്ക സ്വീകരിച്ച 130 പേരും കരൾ സ്വീകരിച്ച 111 പേരും ഹൃദയം സ്വീകരിച്ച 31 പേരുമാണ് ഗെയിംസിൽ പങ്കെടുക്കുന്നത്.9ന് രാവിലെ 6.30ന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം വരെ റേസ് വാക്ക് നടക്കും. 9 മണി മുതൽ റീജിയണൽ സ്പോർട്സ് സെന്ററിൽ ബാഡ്മിന്റൺ, ഡാർട്ട്, ചെസ്സ്, കാരംസ്, ബാസ്കറ്റ് ബോൾ ഷൂട്ടൗട്ട്, ടേബിൾ ടെന്നിസ്, നീന്തൽ, 200 മീറ്റർ ഓട്ടം, അഞ്ച് കിലോ മീറ്റർ നടത്തം എന്നീ ഇനങ്ങളും ഉച്ചയ്ക്ക് ഒരു മണിക്ക് ഇടപ്പള്ളി ലുലു മാളിൽ ബൗളിംഗും നടക്കും. തുടർന്ന് വൈകുന്നേരം അഞ്ച് മണിക്ക് രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സമ്മാനദാന പരിപാടി നിയമസഭാ സ്പീക്കർ എ എൻ ഷംസീൽ ഉദ്ഘാടനം ചെയ്യും.കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ), ലിവർ ഫൗണ്ടേഷൻ ഓഫ് കേരള (ലിഫോക്), കൊച്ചി നഗരസഭ, കെഎംആർഎൽ, റീജിയണൽ സ്പോർട്സ് സെന്റർ, ജിസിഡിഎ, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഗെയിംസ് സംഘടിപ്പിക്കുന്നത്. ഏഴ് വയസ്സ് മുതൽ 70 വയസ്സുവരെയുള്ള വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം, കൈ, പാൻക്രിയാസ്, കുടൽ തുടങ്ങിയ അവയവങ്ങൾ സ്വീകരിച്ചവരും ദാതാക്കളുമാണ് മത്സരങ്ങളിൽ പങ്കെടുക്കുന്നത്. കൂടാതെ സർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതിയിലൂടെ മരണാനന്തരം അവയവദാനം നടത്തിയവരുടെ കുടുംബാംഗങ്ങളും ഗെയിംസിൽ പങ്കെടുക്കും.അവയവദാതാക്കളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള ആദരവ് പ്രകടിപ്പിക്കാനും ഗെയിംസ് വേദി ഉപയോഗിക്കും. അവയവ സ്വീകർത്താക്കളുടെ ആത്മവിശ്വാസവും മനോവീര്യവും വളർത്തുകയും ഗെയിംസിന്റെ ലക്ഷ്യമാണ്. അവയവ മാറ്റത്തിന് വിധേയരായവർക്ക് നിശ്ചിത കാലത്തിന് ശേഷം മറ്റ് മനുഷ്യരെ പോലെ സാധാരണ ജീവിതം നയിക്കാമെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും അവയവദാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനും ട്രാൻസ്പ്ലാന്റ് ഗെയിംസിലൂടെ ഹാർട്ട് കെയർ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നുണ്ട്.

# അവസാനവാക്ക് ഭരണഘടന: ലോക്നാഥ് ബെഹ്റ




**കൊച്ചി:** രാജ്യത്ത് ഏത് പ്രവൃത്തിയും ഭരണഘടനയിൽ അധിഷ്ഠിതമാണെന്നും ഭരണഘടനയാണ് അവസാന വാക്കെന്നും കൊച്ചി മെട്രോ റെയിൽ എംഡി ലോക്നാഥ് ബെഹ്റ. കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച പ്രൊഫ. ഡോ.എം.വി പൈലി സ്മാരക പ്രഭാഷണത്തിൽ കോൺസ്റ്റിറ്റ്യൂഷണൽ കൺസേൺസ് ആൻഡ് ക്രിമിനൽ ലോ ഇൻ ഇന്ത്യ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ബെഹ്റ. ഭരണഘടനയെ കുറിച്ച് മനസിലാക്കാതെ ഒരാൾക്കും ഉത്തമ പൗരൻ ആകാൻ കഴിയില്ല. ഭരണഘടനയ്ക്ക് മുകളിൽ ഒന്നിനും സ്ഥാനമില്ല. എല്ലാ നിയമങ്ങളും ഭരണഘടനയെ അടിസ്ഥാനമാക്കിയുള്ളതാണ്. രാജ്യത്തെ ജനങ്ങൾ അംഗീകരിച്ച എഴുതപ്പെട്ട നിയമങ്ങളാണ് ഒരു രാജ്യത്തിന്റെ ഭരണഘടന. പാർലമെന്റിനും മേലെയാണ് ഭരണഘടന. എല്ലാ അവകാശങ്ങളും പൂർണമല്ലെന്ന് ഭരണഘടനയിൽ തന്നെ പറയുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ന്യായമായ നിയന്ത്രണങ്ങൾ ഭരണഘടന വ്യക്തമായി പറയുന്നുണ്ട്. വ്യക്തി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ ഭരണകൂടത്തിന് കഴിയില്ല. വ്യക്തിയുടെ സ്വാതന്ത്ര്യം ഭരണകൂടത്തിന് പരിമിതപ്പെടുത്താനും കഴിയില്ല. എന്നാൽ വ്യക്തി സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമായി കരുതരുതെന്നും മുൻ പൊലീസ് മേധാവി പറഞ്ഞു. സിനിമകളിലെ പോലെയാകണം വ്യക്തിജീവിതം അല്ലങ്കിൽ സാമൂഹ്യ വ്യവസ്ഥ എന്ന് തെറ്റിദ്ധരിക്കരുത്. രാജ്യദ്രോഹം, അപകീർത്തി തുടങ്ങിയ വിഷയങ്ങളിൽ പലവിധ വ്യാഖ്യാനങ്ങൾ വരുന്നുണ്ട്. എന്നാൽ ഇതിലെല്ലാം അന്തിമ തീരുമാനം ഭരണഘടന അടിസ്ഥാനമാക്കി മാത്രമേ സ്വീകരിക്കാൻ കഴിയൂ. നിയമങ്ങളെ എത്ര വ്യാഖ്യാനിക്കാനും വളച്ചൊടിക്കാനും ശ്രമിച്ചാലും ഭരണഘടന അടിസ്ഥാനമാക്കി മാത്രമേ അന്തിമ വിധിയുണ്ടാകൂ എന്നും ബെഹ്റ ചൂണ്ടിക്കാട്ടി.പ്രൊഫ. ദോ.എം.വി പൈലിയുടെ ജീവിതം സ്ഥിരോത്സാഹത്തിന്റെ പ്രതീകമാണെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ ദീപക് അസ്വാനി പറഞ്ഞു. മാനേജ്മെന്റ് രംഗത്തെ അതികായനായിരുന്നു പൈലി. മാനേജ്മെന്റ്, അക്കാദമിക്, അഡ്മിനിസ്ട്രേഷൻ മേഖലകളിൽ ഒരേ പോലെ തിളങ്ങിയ മറ്റൊരു വ്യക്തിയുമില്ലെന്നും ദീപക് അസ്വാനി അനുസ്മരിച്ചു.കെ എം എ പ്രസിഡന്റ് എ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. എ.സി.കെ നായർ സ്വാഗതവും ബിബു പുന്നൂരാൻ നന്ദിയും പറഞ്ഞു.41ാമത് കെഎംഎ വാർഷിക മാനേജ്മെന്റ് കൺവെൻഷനായി വികസിപ്പിച്ച വെബ്സൈറ്റും രജിസ്ട്രേഷൻ പോർട്ടലും ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു.

# മുഖ്യമന്ത്രിയും മന്ത്രിമാരും ഇന്ന് കൊച്ചി വാട്ടർ മെട്രോ സന്ദർശിക്കും

**കൊച്ചി:** നവകേരള സദസ്സിന്റെ ഭാഗമായി  ഇന്ന് രാവിലെ പ്രഭാതയോഗത്തിന് ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരുൾപ്പെടുന്ന സംഘം സംസ്ഥാന സർക്കാരിന്റെ  സ്വപ്ന പദ്ധതിയായ കൊച്ചി വാട്ടർ മെട്രോ സന്ദർശിക്കുന്നു. രാവിലെ 11 മണിക്ക് കൊച്ചി വാട്ടർ മെട്രോയുടെ ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിൽ നിന്ന് മുഖ്യമന്ത്രിയും മന്ത്രിമാരും വൈപ്പിൻ ടെർമിനലിലേക്ക് യാത്ര ചെയ്യും. ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിൽ മന്ത്രി പി.രാജീവ്, കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ എന്നിവരുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സ്വീകരിക്കും. സംഘം കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി തദ്ദേശീയമായി നിർമ്മിച്ച വാട്ടർ മെട്രോ ബോട്ടിൽ യാത്ര ചെയ്യും. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ കൊച്ചി വാട്ടർ മെട്രോ സർവ്വീസ് ആരംഭിച്ച് 7 മാസം പിന്നിട്ടിരിക്കുകയാണ്. ഇക്കാലയളവിൽ പന്ത്രണ്ടര ലക്ഷത്തിലധികം ആളുകളാണ് കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തത്. ലോക ജനതയ്ക്ക് മുന്നിൽ മറ്റൊരു കേരള മോഡൽ ആണ് കൊച്ചി വാട്ടർ മെട്രോയിലൂടെ സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചത്. പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം കൊണ്ടുവരുന്ന കൊച്ചി വാട്ടർ മെട്രോയുടെ ഇലക്ട്രിക്ഹൈബ്രിഡ് ബോട്ടുകൾ ഇതിനകം അന്താരാഷ്ട്ര തലത്തിലും ശ്രദ്ധ നേടിക്കഴിഞ്ഞു. നിലവിൽ 12 ബോട്ടുകളുമായി ഹൈക്കോർട്ട് ജംഗ്ഷൻവൈപ്പിൻ, ഹൈക്കോർട്ട് ജംഗ്ഷൻബോൾഗാട്ടി, വൈറ്റിലകാക്കനാട് എന്നീ മൂന്ന് റൂട്ടുകളിലാണ് കൊച്ചി വാട്ടർ മെട്രോ സർവ്വീസ് നടത്തുന്നത്. ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്ന് സൌത്ത് ചിറ്റൂരിലേക്കുള്ള സർവ്വീസ് ആണ് അടുത്തതായി ആരംഭിക്കുക. ഇതിനായുള്ള സജ്ജീകരണങ്ങൾ അവസാനഘട്ടത്തിലാണ്. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, മുളവുകാട് നോർത്ത്, വില്ലിംഗ്ടൺ ഐലൻഡ്, കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെയും നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്.തുച്ഛമായ തുകയിൽ സുരക്ഷിതമായ യാത്രയാണ് കൊച്ചി വാട്ടർ മെട്രോയുടെ ശീതികരിച്ച ബോട്ടുകളിൽ പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്.  കൊച്ചി മെട്രോ റെയിലിന് സമാനമായ എല്ലാ സൌകര്യങ്ങളും ലോകത്തിലെ തന്നെ ആദ്യ വാട്ടർ മെട്രോ ആയ കൊച്ചി വാട്ടർ മെട്രോയിലുണ്ട്. ബോട്ട് യാത്രക്കായുള്ള മിനിമം ടിക്കറ്റ് നിരക്ക് 20 രൂപയാണ്. സ്ഥിരം യാത്രികർക്കായി പ്രതിവാര, പ്രതിമാസ പാസ്സുകളും ഉണ്ട്. കൊച്ചി വൺ കാർഡ് ഉപയോഗിച്ച് കൊച്ചി മെട്രോ റെയിലിലും കൊച്ചി വാട്ടർ മെട്രോയിലും യാത്ര ചെയ്യാനാകും.

## ഡാൻസിങ് ക്രിസ്മസ്ട്രീയിൽ നൃത്തം ; രജിസ്റ്റർ ചെയ്യാം

**കൊച്ചി :** മറൈൻ ഡ്രൈവിൽ ഡിസംബർ 16  മുതൽ ഒരുക്കുന്ന 75 അടി ഉയരമുള്ള ഡാൻസിങ് ക്രിസ്മസ് ട്രീയിൽ കാരൾ നൃത്തം ചെയ്യാൻ ടീമുകളെ ക്ഷണിക്കുന്നു.പുതുമയാർന്ന നൃത്തം ചെയ്യുന്ന ഡാൻസിങ് ട്രീ ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡിനായി മത്സരിക്കുകയാണ്.ചുങ്കത്ത് ജ്വല്ലറിയുടെ നേതൃത്വത്തിലാണ് ട്രീ അണിയിച്ചൊരുക്കുന്നത്.10 പേരടങ്ങുന്ന ഒരു ടീമിന് കാരൾ ഗാനങ്ങൾക്കൊപ്പം നൃത്തം ചെയ്യാം.ഒന്നാം സമ്മാനം ലഭിക്കുന്ന  ടീമിന് 3 ദിവസത്തെ  ദുബായ് ട്രിപ്പാണ് സമ്മാനം. സൗജന്യ റജിസ്ട്രേഷന് 7994166029 നമ്പറിൽ ബന്ധപ്പെടാം.ഡിസംബർ 30 നാണ് ഗ്രാൻഡ് ഫിനാലെ.ത്രിമാന രീതിയിൽ മുകളിലേക്ക് തട്ടുകളുടെ വീതി കുറഞ്ഞുവരും വിധമാണ് ട്രീയുടെ രൂപകൽപ്പന.

## സാംകോ മ്യൂചൽ ഫണ്ട് ഡൈനാമിക്ക് അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:**  ഇൻവെസ്റ്റ്മെന്റ് മാനേജ്!മെന്റ് സ്ഥാപനമായ സാംകോ അസറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് ആകർഷകമായ പുതിയൊരു മ്യൂചൽ ഫണ്ട് കൂടി അവതരിപ്പിച്ചു. നിക്ഷേപകർക്ക് സ്ഥിരതയും ലാഭവും ഉറപ്പ് നൽകുന്നതിനൊപ്പം അപ്രതീക്ഷിതമായ ഓഹരി ഇടിവുകളിൽ നിന്ന് സുരക്ഷയും വാഗ്ദാനം  ചെയ്യുന്നതാണ് പുതിയ ‘ഡൈനാമിക്ക് അസറ്റ് അലോക്കേഷൻ ഫണ്ട്‘ അഥവാ ഡാഫ് .മാർക്കറ്റിന്റെ ഗതിവിഗതികൾ അനുസരിച്ച് ഓഹരികളിലും ബോണ്ടുകളിലും നിക്ഷേപം ക്രമീകരിച്ച് ഇടിവുകളെ നേരിടാൻ സഹായിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഡാഫ് ഫണ്ടാണിത്. ഓഹരികളുടെ പ്രകടനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ ഭയാശങ്കയോടെ കാണുന്ന നിക്ഷേപകർക്കുപോലും ഏറെ ആത്മവിശ്വാസം നൽകുന്നതാണ് ഈ പദ്ധതി. മാർക്കറ്റ് ഇടിയുമ്പോൾ നഷ്ടം പരമാവധി കുറയ്ക്കാനും നിക്ഷേപങ്ങളുടെ മൂല്യമിടിയാതെ സൂക്ഷിക്കാനും കഴിയുന്ന തരത്തിലാണ് ഫണ്ട് ക്രമീകരിച്ചിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും പണം പിൻവലിക്കാനുള്ള സൗകര്യവും സാംകോ ഒരുക്കിയിട്ടുണ്ട്.മാർക്കറ്റിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സധൈര്യം നേരിടാനും നഷ്ടസാധ്യതകൾ കുറയ്ക്കാനും നിക്ഷേപകരെ ഈ ഫണ്ട് സഹായിക്കുമെന്ന് സാംകോയുടെ മുഖ്യനിക്ഷേപക ഓഫിസർ ഉമേഷ്കുമാർ മെഹ്ത പറഞ്ഞു.സാംകോയുടെ ഡാഫ് ഫണ്ടിന്റെ  എൻ എഫ് ഓ ഈ മാസം 21 വരെയാണ്. അതിനുശേഷം അഞ്ചുദിവസത്തിനുള്ളിൽ തന്നെ സാധാരണ ക്രയവിക്രയങ്ങൾക്കായി ഫണ്ട് ഓപ്പണാകും. കൂടുതൽ വിവരങ്ങൾക്ക് https://www.samcomf.com/dynamicassetallocationfund എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

## ഹുണ്ടായ് മോട്ടോർ ഇന്ത്യ ഫൗണ്ടേഷൻ കലാകാരൻമാർക്ക് 40 ലക്ഷം രൂപയുടെ ഗ്രാന്റ് നൽകും

**കൊച്ചി:** ഹുണ്ടായ് മോട്ടോർ ഇന്ത്യയുടെ സിഎസ്ആർ വിഭാഗമായ ഹുണ്ടായ് മോട്ടോർ ഇന്ത്യ ഫൗണ്ടേഷന്റെ ഇന്ത്യൻ കലാകാരൻമാരെ സഹായിക്കാനുള്ള ആർട്ട് ഫോർ ഹോപ് പദ്ധതിയിലേക്ക് ഡിസംബർ ഒൻപതു വരെ അപേക്ഷകൾ സമർപ്പിക്കാം. 25 കലാകാരൻമാർക്കും അഞ്ച് കലാ സംഘങ്ങൾക്കുമായി 40 ലക്ഷം രൂപയുടെ ഗ്രാന്റാവും ഇത്തവണ നൽകുക. പദ്ധതിയുടെ മൂന്നാം പതിപ്പാണ് ഈ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. www.hyundaiairtsforhope.com  വഴി അപേക്ഷകൾ നൽകാം. കലാകാരൻമാരുടെ സ്വപ്നങ്ങളിലും പ്രതീക്ഷകളിലും തങ്ങൾ നിക്ഷേപിക്കുകയാണെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ഹുണ്ടായാ മോട്ടോർ ഇന്ത്യ കോർപറേറ്റ് അഫയേഴ്സ് മേധാവി പുനീത് ആനന്ദ് പറഞ്ഞു.

## പുകയിലയുടെ പരോക്ഷ പരസ്യം: നിരീക്ഷണം വേണമെന്ന് റിപ്പോർട്ട്

**കൊച്ചി:** പുകയില ഉൽപ്പന്നങ്ങളുടെ വിപണനം വർധിപ്പിക്കാൻ വ്യത്യസ്ത പ്ലാറ്റ്ഫോമുകളിലായി കമ്പനികൾ മാർക്കറ്റിങ് തന്ത്രങ്ങൾ ഉപയോഗിക്കുന്നതായി വിറ്റൽ സ്ട്രാറ്റജീസിന്റെ ടുബാക്കോ എൻഫോഴ്സ്മെന്റ് ആൻഡ് റിപ്പോർട്ടിംഗ് മൂവ്മെന്റി (ടി ഇ ആർ എം) ന്റെ  പഠന റിപ്പോർട്ട്. ഇതിന് വീഡിയോ ഗെയിമുകൾ ഉൾപ്പെടെ വികസിപ്പിച്ച് പരോക്ഷമായും മറ്റും പുകയില ഉൽപ്പന്നങ്ങൾക്ക് പ്രചാരണം നൽകുന്നു. ആഗോള തലത്തിൽ പുകവലിയുടെയും വിവിധ പുകയില ഉൽപന്ന വിനിയോഗത്തിന്റെയും നിരക്ക് കുത്തനെ കുറയുന്ന ആരോഗ്യകരമായ സാഹചര്യം അട്ടിമറിക്കാനാണ് വമ്പൻ പുകയില കമ്പനികൾ ശ്രമിക്കുന്നതെന്ന് വിറ്റൽ സ്ട്രാറ്റജീസ് ഗ്ലോബൽ പോളിസി ആന്റ് റിസർച്ച് വൈസ് പ്രസിഡന്റ് നന്ദിത മുരുകുട്ല പറഞ്ഞു. ഡിജിറ്റൽ നവ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഉൾപ്പെടെ എല്ലാവിധ പുകയില പരസ്യങ്ങൾക്കും എതിരെ കർക്കശ നിരീക്ഷണം വേണമെന്ന് സർക്കാരുകളോട് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

# ’മില്ലറ്റും മീനും’ പ്രദർശനഭക്ഷ്യമേള കൊച്ചിയിൽ 28 മുതൽ

**കൊച്ചി:** ചെറുധാന്യങ്ങളുടെ (മില്ലറ്റ്) പോഷകആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും മീനിനോടൊപ്പം പോഷകാഹാരമായി അവയുടെ വൈവിധ്യമായ രുചിക്കൂട്ടുകൾ പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി കൊച്ചിയിൽ ’മില്ലറ്റും മീനും’ എന്നപേരിൽ പ്രദർശനഭക്ഷ്യമേള സംഘടിപ്പിക്കുന്നു. ഡിസംബർ 28 മുതൽ 30 വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മേൽനോട്ടത്തിൽ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് മേള നടത്തുന്നത്.സിഎംഎഫ്ആർഐയിൽ നടക്കുന്ന മേളയിൽ ബയർസെല്ലർ സംഗമം, മില്ലറ്റ്മീൻ ഭക്ഷ്യമേള, കൃഷിചെയ്ത് വിളവെടുത്ത ജീവനുള്ള മീനുകളുടെ വിപണനം, ചെറുധാന്യങ്ങളുടെയും മൂല്യവർധിതഉൽപന്നങ്ങളുടെയും വിപണനം, പാചക മത്സരം, സാങ്കേതികവിദ്യാ പ്രദർശനം, വിവിധ ഉൽപന്നങ്ങളുടെ ലോഞ്ചിംഗ്, പോഷണആരോഗ്യ ചർച്ചകൾ, സെമിനാറുകൾ എന്നിവയാണ് പ്രധാനയിനങ്ങൾ. കൂടാതെ, മില്ലറ്റ് കുക്കറി ഷോയും ക്ലാസ്സുകളുമുണ്ട്.ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങളും അവയിൽ നിന്നുണ്ടാക്കുന്ന ഉൽപന്നങ്ങളും മേളയിൽ വാങ്ങാവുന്നതാണ്. മീനിനോടൊപ്പവും അല്ലാതെയുമുള്ള ചെറുധാന്യങ്ങളുടെ വിവിധ രുചിക്കൂട്ടുകൾ ആസ്വദിക്കുകയും ചെയ്യാം.ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കേരള വിപണിയിലേക്ക് ചെറുധാന്യ കർഷകരിൽ നിന്നും വിതരണ ശൃംഖല



ഉണ്ടാക്കിയെടുക്കുകയുമാണ് മേളയുടെ പ്രധാന ലക്ഷ്യമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ചെറുധാന്യങ്ങളോടൊപ്പം മീൻ വിഭവങ്ങളും കൂടി ചേരുമ്പോൾ പൊതുവെ മത്സ്യപ്രിയരായ മലയാളികൾക്കിടയിൽ കൂടുതൽ സ്വീകാര്യത ലഭിക്കും. ആരോഗ്യഗകരവും പോഷകസമൃദ്ധവുമായ ഭക്ഷണം എന്ന നിലയ്ക്ക് ഏറെ സാധ്യതയുള്ളതുമാണിത്. കേരളീയ പാചകരീതിയിൽ ഇവ പരിചയപ്പെടുത്തുന്നത് ഈ മേഖലക്ക് ഗുണകരമാകും. ചെറുധാന്യ കർഷകരെ വിപണി കണ്ടെത്താൻ സഹായിക്കുക, ചെറുധാന്യവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യമിടുന്നുണ്ട് അദ്ദേഹം പറഞ്ഞു.രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ചെറുധാന്യ കർഷകർ, കർഷക ഉൽപാദന കമ്പനികൾ, മത്സ്യസംസ്കരണ രംഗത്തുള്ളവർ, സംരംഭകർ തുടങ്ങിയവർ മേളയിൽ പങ്കെടുക്കും. ദേശീയ കാർഷിക ഗ്രാമവികസന ബേങ്ക് (നബാർഡ്), ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കേരള ഭക്ഷ്യ സുരക്ഷ അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്), നിഫാറ്റ് , സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്), ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് കളമശേരി, കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ബേക്കേഴ്സ് അസോസിയേഷൻ തുടങ്ങിയവർ പരിപാടിയുടെ പങ്കാളികളാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ സയന്റിസ്റ്റും കെവികെ മേധാവിയുമായ ഡോ. ഷിനോജ് സുബ്രഹ്മണ്യനെ ബന്ധപ്പെടാം. ഫോൺ 9496303457.

## അസാപ് കേരള : കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അവസരം

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ പെരുമ്പാവൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിൽ നിയമനം നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. പ്രായപരിധി 30 വയസ്സ്.താൽപര്യമുള്ളവർ ഡിസംബർ 9 രാവിലെ 10.30 ന് കുറുപ്പംപടി ഡയറ്റ് ക്യാമ്പസ്സിന് സമീപത്തുള്ള പെരുമ്പാവൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. വിശദവിവരങ്ങൾക്ക്: 9495999655

## ബയോമെട്രിക് മസ്റ്ററിങ് നടത്തണം

**കൊച്ചി:** കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട പെൻഷൻ ഗുണഭോക്താക്കൾ 2024 ജനുവരി 1 മുതൽ ഫെബ്രുവരി 29 നകം അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിങ് നടത്തണം. ബയോമെട്രിക് മസ്റ്ററിങ് പരാജയപ്പെടുന്നവർ ബോർഡിൽ ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം മസ്റ്ററിങ് ഫെയിലിങ് സർട്ടിഫിക്കറ്റ് കൂടി സമർപ്പിച്ച് മസ്റ്ററിങ് പൂർത്തിയാക്കേണ്ടതാണ്. മസ്റ്ററിങ് ചെയ്തവർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. കൂടാതെ കുടുംബ / സാന്ത്വന പെൻഷൻ ഗുണഭോക്താക്കളിൽ 60 വയസ്സ് പൂർത്തിയാകാത്തവർ പുനർവിവാഹിതയല്ലെന്നുള്ള സർട്ടിഫിക്കറ്റ് ഡിസംബർ മാസം 31 നുള്ളിൽ വെൽഫെയർ ഇൻസ്പെക്ടറാഫീസിൽ ഹാജരാക്കണം

# ദവാ ഇന്ത്യ കേരളത്തിലെപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ജെനറിക് ഫാർമസി റീട്ടെയിൽ ശൃംഖലയായ ദവാ ഇന്ത്യ ജനറിക് ഫാർമസി കൊച്ചിയിൽ പുതിയ സ്റ്റോർ ആരംഭിച്ചു. തേവരയിൽ ആരംഭിച്ച സ്റ്റോർ സോട്ട ഹെൽത്ത്കെയർ ഗ്രൂപ്പ് സിഇഒ സുജിത്ത് പോൾ ഉദ്ഘാടനം ചെയ്തു.നിലവിൽ കേരളത്തിൽ പന്ത്രണ്ടിൽ ഏറെയും ദക്ഷിണേന്ത്യയിൽ 35ൽ ഏറെയും ഇന്ത്യയിൽ ഒട്ടാകെ 690ൽ ഏറെയും ഔട്ട്ലെറ്റുകളാണ് ദവാ ഇന്ത്യയ്ക്കുള്ളതെന്ന് സുജിത്ത് പോൾ പറഞ്ഞു. കേരളത്തിലെ എല്ലാ ജില്ലകളിലും എത്തുന്ന വിധത്തിൽ തങ്ങളുടെ സാന്നിധ്യം വർധിപ്പിക്കുയാണ് ലക്ഷ്യം. നടപ്പു സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ ഒട്ടാകെയുള്ള സാന്നിധ്യവും വർധിപ്പിക്കും.മികച്ചആരോഗ്യ സംവിധാനത്തിന്റെ പേരിലാണ് കേരളം അറിയപ്പെടുന്നത്. ഈ മേഖലയിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്രയിക്കാവുന്ന വിശ്വസനീയ ആരോഗ്യ സേവന പങ്കാളി എന്ന നിലയിലെത്താനാണ് ദവാ ഇന്ത്യ ലക്ഷ്യമിടുന്നത്. ഉന്നതനിലവാരമുള്ള ജെനറിക് മരുന്നുകൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാക്കുകയാണ് ദവാ ഇന്ത്യയുടെ ലക്ഷ്യം.മരുന്ന് ബില്ലിൽ 90 ശതമാനം വരെ ലാഭിക്കാനാണ് ദവാ ഇന്ത്യ സഹായിക്കുന്നതെന്ന് സുജിത്ത് പോൾ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663